***'CORRUPTION, A CRIME AGAINST NATION'***


**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**


**തീയതി:15.12.2022**

# ഓപ്പറേഷൻ പഞ്ചികിരൺ - 2 (PANJIKIRAN -2) : സംസ്ഥാനമൊട്ടാകെയുള്ള തിരഞ്ഞെടുത്ത സബ് രജിസ്ട്രാർ ഓഫീസുകളിൽ വീണ്ടും വിജിലൻസിന്റെ മിന്നൽ പരിശോധന

സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിലെ ഉദ്യോഗസ്ഥർ പൊതുജനങ്ങളിൽ നിന്നും ആധാരം എഴുത്തുകാർ മുഖേന കൈക്കൂലി വാങ്ങുന്നതായി വിജിലൻസിനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെയുള്ള തിരഞ്ഞെടുത്ത 54 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇന്ന് **(15.12.2022)** വൈകുന്നേരം 4.30 മണി മുതൽ ഒരേ സമയം വിജിലൻസ് ഡയറക്ടർ , ശ്രീ. മനോജ് എബ്രഹാം IPS ൻറെ ഉത്തരവിൻ പ്രകാരം മിന്നൽ പരിശോധന നടത്തി വരുന്നു.

സബ് രജിസ്ട്രാർ ഓഫീസുകളിൽ വിവിധ രജിസ്ട്രേഷൻ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾ ആധാരം എഴുത്തുകാരെ സമീപിക്കുമ്പോൾ മുദ്രപത്രത്തിന്റെ വിലയും എഴുത്ത് കൂലിക്കും പുറമേ ഉദ്യോഗസ്ഥർക്ക് കൈക്കൂലിയും കൂട്ടി കൂടുതലായി വാങ്ങിച്ച ഓഫീസ് പ്രവർത്തനസമയം കഴിയാറാകുമ്പോൾ ചില സ്ഥലങ്ങളിൽ ഓഫീസിൽ എത്തിക്കുകയും, മറ്റ ചിലർ ഗൂഗിൾ പേ വഴിയും മറ്റും ഉദ്യോഗസ്ഥർക്ക് നൽകുന്നതായും ഇതിന് പ്രത്യുപകാരം ആയി വസ്തുവിന്റെ വിലകുറച്ച് കാണിച്ച് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ കുറവ് വരുത്തി നൽകുന്നതായും ഈ ഇളവിന്റെ ഒരു വിഹിതമാണ് ആധാരം എഴുത്തുകാർ മുഖേന സബ് രജിസ്ട്രാർ ഓഫീസുകളിലെ ജീവനക്കാർ വാങ്ങിവരുന്നതായി രഹസ്യ വിവരം ലഭിച്ചിട്ടുണ്ട്. ഇവ പരിശോധിക്കുന്നതിലേക്കാണ് വിജിലൻസ് ഓപറേഷൻ പഞ്ചികിരൺ- 2 എന്ന പേരിൽ ഇന്ന് (15.12.2022) വീണ്ടും മിന്നൽ പരിശോധന നടത്തുന്നത്.

സബ് രജിസ്ട്രാർ ഓഫീസുകളിൽ കൈക്കൂലി കണ്ടെത്തുന്നതിലേക്ക് ഓപ്പറേഷൻ പഞ്ചികിരൺ എന്ന പേരിൽ ഇക്കഴിഞ്ഞ നവംബർ 15 തിയതിയിൽ വിജിലൻസ് തിരഞ്ഞെടുത്ത 76 സബ് രജിസ്ട്രാർ ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തിയതിന്റെ തുടർച്ചയായിട്ടാണ് വിജിലൻസിന്റെ ഇന്നത്തെ മിന്നൽ പരിശോധന.

മിന്നൽ പരിശോധനയ്ക്ക് വിജിലൻസ് ആസ്ഥാനത്തെ ഇൻസ്പെക്ടർ ജനറൽ ശ്രീ. എച്ച്. വെങ്കടേഷ്. ഐ.പി.എസ്, ഇന്റലിജൻസ് വിഭാഗം പോലീസ് സൂപ്രണ്ട് ശ്രീ.

ഇ.എസ് ബിജുമോൻ എന്നിവരുടെ നേതൃത്വത്തിൽ വിജിലൻസിൻറെ എല്ലാ പോലീസ് സൂപ്രണ്ടുമാരും എല്ലാ വിജിലൻസ് യൂണിറ്റുകളും മിന്നൽ പരിശോധനയിൽ പങ്കെടുക്കുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.



**ഓപ്പറേഷൻ പഞ്ചികിരൺ**
**സംസ്ഥാനമൊട്ടാകെയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ വിജിലൻസിന്റെ മിന്നൽ പരിശോധന**



**ഓപ്പറേഷൻ പഞ്ചികിരൺ**
**സംസ്ഥാനമൊട്ടാകെയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ വിജിലൻസിന്റെ മിന്നൽ പരിശോധന**



**ഓപ്പറേഷൻ പഞ്ചികിരൺ**
**സംസ്ഥാനമൊട്ടാകെയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ വിജിലൻസിന്റെ മിന്നൽ പരിശോധന**